# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.713** **13/01/2021 ൽ മറുപടിക്ക്**

**<u>മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പളകുടിശ്ശിക</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .കെ .എൻ .എ. ഖാദർ | കടകംപളളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ ക്ഷേത്ര ജീവനക്കാർക്ക് വർഷങ്ങളായി ശമ്പളകുടിശ്ശിക നല്കാനുളള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഭൂരിഭാഗം ക്ഷേത്രങ്ങളിലെയും ജീവനക്കാർക്ക്, ക്ഷേത്രത്തിന്റെ ഗ്രേഡ് അനുസരിച്ച് അർഹതപ്പെട്ട ശമ്പളം ലഭിച്ചുവരുന്നുണ്ട്. ചെറിയ ശതമാനം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മാത്രമാണ് 2019, 2020 വർഷങ്ങളിലെ ശമ്പളത്തിൽ കുടിശ്ശിക അവശേഷിക്കുന്നത്. ചില പ്രത്യേക കാരണങ്ങളാൽ വിരലിലെണ്ണാവുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നാലോ അഞ്ചോ വർഷങ്ങളിലെ ശമ്പള കുടിശ്ശിക അവശേഷിക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ മുഴുവൻ ക്ഷേത്രങ്ങളിലേയും ജീവനക്കാർക്ക് വർഷങ്ങളായി ശമ്പള കുടിശ്ശിക നൽകാനുണ്ട് എന്ന സ്ഥിതിവിശേഷം നിലവിലില്ല. |

(ബി) ഇവരുടെ ശമ്പളവും ആനുകൂല്യങ്ങളും 01.03.2014 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള സർക്കാർ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ ശമ്പളം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിലെ സേവന വേതന വ്യവസ്ഥകൾ മലബാർ ദേവസ്വം ബോർഡിൽ കൂടി നടപ്പിലാക്കി ഇവ ഏകീകരിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ ?

(സി) ഹിന്ദുമത ധർമ്മസ്ഥാപന നിയമം 1951 ലെ ചട്ടങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭരണം നടത്തപ്പെടുന്നത്. ഓരോ ക്ഷേത്രങ്ങളും ഓരോ സ്വതന്ത്ര യൂണിറ്റുകളായി നിലനിൽക്കുകയും ഓരോ ക്ഷേത്രത്തിന്റെയും ഭരണം അതാത് ക്ഷേത്രത്തിന്റെ ട്രസ്റ്റിമാരാൽ നടത്തപ്പെടുകയും വരുമാനം അതാത് ക്ഷേത്രത്തിന്റെ പേരിൽ അക്കൗണ്ട് ചെയ്യപ്പെടുകയും ചെയ്യുന്നു. മിക്ക ക്ഷേത്രങ്ങൾക്കും ക്ഷേത്രഭരണത്തിനായി പ്രത്യേക സ്കീം നിലവിലുണ്ട്. ആയതിനാൽ, ഓരോ ക്ഷേത്രത്തിലേയും ജീവനക്കാർക്ക് അതാത് ക്ഷേത്രത്തിന്റെ വരുമാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ, ശമ്പള നിർണ്ണയം മാത്രമാണ് നിലവിലെ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ സാധ്യമായിട്ടുള്ളത്. അക്കാരണത്താൽ തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സമാനമായ ഏകീകൃത ശമ്പള നിർണ്ണയം, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, നടത്താൻ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ